# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2270 — 10.10.2011 ൽ മറുപടിക്ക്

## വാഹന രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ നിന്നുള്ള ലോറികൾ അയൽ സംസ്ഥാനങ്ങളിൽ രജിസ്ടർ ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ലോറികൾ അയൽ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുമ്പോൾ നികുതിയിൽ വലിയ വ്യത്യാസം ഉള്ളതുമൂലം ഇത്തരം രജിസ്ട്രേഷനു പിന്നിൽ വൻ ലോബി പ്രവർത്തിക്കുന്ന കാര്യം പരിശോധിക്കുമോ;<br><br>(സി) വ്യാവസായികാവശ്യത്തിന് അയൽ സംസ്ഥാനങ്ങളിൽ ചെറുകിട സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രസ്തുത മേൽ വിലാസത്തിൽ വാഹനങ്ങൾ രജിസ്ടർ ചെയ്യുന്ന രീതിയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി & സി) | ഇത്തരത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കമ്മീഷണർമാരോട് ഇതിനെക്കുറിച്ചന്വേഷിച്ച് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അഡ്രസ്സ് പ്രൂഫ് പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് പരിമിതികൾ ഉണ്ട്. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനുള്ളിൽ മാത്രം സർവ്വീസ് നടത്തുന്ന നാഷണൽ പെർമിറ്റ് ഉൾപ്പെടെയുള്ള ചരക്കു വാഹനങ്ങളെ നിരീക്ഷിക്കുവാനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുവാനും എല്ലാ ആർ.ടി.ഓ മാർക്കും ജോയിന്റ് ആർ.ടി.ഓ മാ ർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) നികുതി കുറവിനു പുറമേ കേരളത്തിൽ നിഷ്കർഷിച്ചിട്ടുള്ള സ്പീഡ് ഗവർണർ, തൊഴിലാളി ക്ഷേമനിധി എന്നിവ വേണ്ടാത്തതും വാഹനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ രജിസ്ടർ ചെയ്യുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിക്കുമോ; | (ഡി & ഇ) | സംസ്ഥാനത്ത് സ്പീഡ് ഗവർണർ നിർബന്ധമാക്കിയതും മോട്ടോർ വാഹന നികുതിയും മോട്ടോർ തൊഴിലാളി ക്ഷേമ നിധി വിഹിതവും ഒടുക്കുന്നത് നിർബന്ധമാക്കിയതും മറ്റു സംസ്ഥാനങ്ങളിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് കാരണമാകുന്നുണ്ട്. എന്നാൽ അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ |

(ഇ) കേരളത്തിൽ നിന്ന് വാഹനങ്ങൾ രജിസ്റ്റർ ചെയ്യാൻ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധന കർശനമാക്കുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള രജിസ്ട്രേഷൻ കുറയുകയും സംസ്ഥാനത്തിനു നഷ്ടമായി കൊണ്ടിരിക്കുന്ന നികുതി വീണ്ടെടുക്കുകയും ചെയ്യുന്നതാണ്. ഇത് സംബന്ധിച്ച് എല്ലാ ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ